പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *287 — 23.03.2015 ലെ മറുപടിയ്ക്ക്

## ജൈവവളങ്ങളുടെ ഉപയോഗവും ഗുണനിലവാര പരിശോധനയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ഉബൈദുള്ള | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യമുള്ള ജൈവവളങ്ങൾ അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ജൈവവളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (ബി) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളായണി,വെള്ളാണിക്കര, കയർ ബോർഡ്, കൊച്ചി സ്പൈസസ് ബോർഡ്, കൊച്ചി & കോഴിക്കോട് റബ്ബർ ബോർഡ്, കോട്ടയം, തിരുവനന്തപുരത്തുള്ള CTCRI എന്നീ സ്ഥാപനങ്ങളുടെ ലാബുകളിൽ ജൈവവള സാമ്പിളുകൾ അയച്ച് ഗുണനിലവാര പരിശോധന നടത്തി വരുന്നു.<br><br>FCO 1985(ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ) ൽ ഉൾപ്പെട്ടിട്ടുള്ള ജൈവവളങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിലെ വിവിധ പഞ്ചായത്തുകളിലുള്ള ഫെർട്ടിലൈസർ ഇൻസ്പെക്ടർമാരും തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ഉള്ള കൃഷി അസിസ്റ്റന്റ് ഡയറക്ടർ (ക്യു.സി) മാരും ജൈവവള സാമ്പിളുകൾ ശേഖരിച്ച് ബാംഗ്ലൂരിലുള്ള റീജിയണൽ സെന്റർ ഓഫ് ഓർഗാനിക് ഫാമിൽ (RCOF) - അയച്ച് ഗുണനിലവാര പരിശോധന ഉറപ്പ് വരുത്തുന്നു. |

(സി) മായം കലർന്ന വളങ്ങൾ ഉപയോഗിച്ച് മണ്ണിനെ വിഷലിപ്തമാക്കുന്ന സാഹചര്യം പരിശോധിക്കാൻ കർശന നടപടി സ്വീകരിക്കുമോ ;

(സി) മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ചെടികൾക്ക് ആവശ്യമുള്ള മൂലകങ്ങളുടെ പരിശോധനയും അതനുസരിച്ചുള്ള മൂലകങ്ങളുടെ ഉപയോഗക്രമവും കർഷകർക്ക് മണ്ണ് പരിശോധനാ ലബോറട്ടറി വഴി നടപ്പിലാക്കി വരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രാഥമിക, ദ്വിതീയ, സൂക്ഷ്മ മൂലകങ്ങളുടെ അഭാവമോ അധിക തോതോ മനസ്സിലാക്കാൻ സാധിക്കുന്നു. ഈ പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിൽ അതാത് വിളകൾക്ക് ആവശ്യമായി വരുന്ന മൂലകങ്ങൾ മണ്ണിൽ ചേർക്കേണ്ട അളവ് മണ്ണ് പരിശോധനാ ലാബുകളിൽ നിന്നും കാലാകാലങ്ങളിൽ കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വള പ്രയോഗം നടത്തുന്നതിന്റെ ഗുണങ്ങൾ കർഷകർക്ക് പരിശീലന പരിപാടികൾ മുഖേന നൽകി വരുന്നുണ്ട്.

(ഡി) ജൈവ വളങ്ങൾക്കൊപ്പം രാസമിശ്രിത വളങ്ങളുടെയും ഗുണനിലവാരം പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഡി) രാസമിശ്രിത വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ കേരളത്തിൽ രണ്ട് രാസവള ഗുണനിലവാര പരിശോധനാ ലബോറട്ടറികൾ തിരുവനന്തപുരം ജില്ലയിലെ പാറോട്ടുകോണത്തും, പാലക്കാട് ജില്ലയിലെ പട്ടാമ്പിയിലും പ്രവർത്തിച്ചു വരുന്നു. ഓരോ സാമ്പത്തികവർഷവും "മോഡണൈസേഷൻ ഓഫ് ഡിപ്പാർട്ടുമെന്റൽ ലബോറട്ടറീസ്" എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ഫെർട്ടിലൈസർ ഇൻസ്പെക്ടർമാർക്കും പരിശോധനയ്ക്ക് ശേഖരിച്ച് അയയ്ക്കേണ്ട രാസവളങ്ങളുടെ ടാർജറ്റ് നല്കുകയും പ്രസ്തുത ഉദ്യോഗസ്ഥർ രാസവളങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് ലാബിലേക്കയച്ച് ഗുണനിലവാരം ഉറപ്പു വരുത്തുകയും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ